**ഭരണഭാഷ-മാതൃഭാഷ**

ഹയർസെക്കന്ററിഡയറക്ടറുടെ
കാര്യാലയംഹൗസിംഗ്ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

സി.ജി& എ.സി/70558//2018 തീയതി : 06.08.2018

**സർക്കുലർ**

**വിഷയം**:-ഹ.സെ.വി-സി.ജി.എ.സി-സ്കൗട്ട്&ഗൈഡ് വിദ്യാർത്ഥികളെ എൻറോൾ - സംബന്ധിച്ച്.

സ്കൗട്ട്& ഗൈഡ്സ് യൂണിറ്റുകളിലേയ്ക്ക് 1-ാം വർഷ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സ്കൗട്ട് മാസ്റ്റർ, ഗൈഡ് ക്യാപ്റ്റൻ എന്നിവർക്കു നൽകിയ 7 ദിവസത്തെ പരിശീലനത്തിനിടയിൽ വ്യക്തമായ ധാരണ നൽകിയതാണ്. എന്നാൽ ചില സ്കൂളുകളിൽ മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതായ് ഡയറക്ട്രേറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. +1 പ്രവേശനം പൂർത്തീകരിച്ചതിനുശേഷം മാത്രമേ സ്കൗട്ട് & ഗൈഡിന്റെ യൂണിറ്റിലേയ്ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കാൻ പാടുള്ളൂ. +1 വിഭാഗത്തിലെ എല്ലാ ക്ലാസ്സുകൾക്കും പ്രാതിനിധ്യം കിട്ടുന്ന നിലയിലാണു പ്രവേശനം നൽകേണ്ടത്. നിലവിൽ ഗവൺമെന്റ്/എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ സ്കൗട്ടിന്റെയും ഗൈഡിന്റെയും ഓരോ യൂണിറ്റ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഏതെങ്കിലും ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനധികൃതമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും ആ യൂണിറ്റിൽ പ്രവർത്തിക്കുന്ന അംഗങ്ങൾക്ക് ഗ്രേസ്മാർക്ക് അനുവദിക്കുന്നതല്ലെന്നും അറിയിക്കുന്നു.

ഒപ്പ്
ജോയിന്റ് ഡയറക്ടർ (അക്കാദമിക്)